**നമ്പർ.** സി1/278/2017-റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 22/06/2018

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – **Construction Equipment** വാഹനങ്ങളുടെ ഫോം 22 – നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്

സൂചന :- 1.കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലത്തിൽ നിന്നുള്ള 05/10/2016 ലെ ജി.എസ്.ആർ.953(ഇ) നമ്പർ വിജ്ഞാപനം
2. ഈ ഓഫീസിൽ നിന്നുള്ള 27/04/2017 ലെ സി1/278/2017-റ്റിസി നമ്പർ കത്ത്.
3. **Escorts Limited, Action Construction Equipment Limited** എന്നിവരുടെ നിവേദനങ്ങൾ.

മേൽ സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന 2 പ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 01/04/2017 മുതൽ വാഹന നിർമ്മാതാവ് നൽകുന്ന ഫോം 22 കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലത്തിൽ നിന്നുള്ള 05/10/2016 ലെ ജി.എസ്.ആർ.953(ഇ) നമ്പർ വിജ്ഞാപനപ്രകാരമുള്ളതായിരിക്കണമെന്നും ഒരു വാഹന നിർമ്മാതാവ് 01/04/2017 നു ശേഷം വിൽപ്പന നടത്തിയിട്ടുള്ള എല്ലാ വാഹനങ്ങൾക്കും രജിസ്ട്രേഷൻ സമയത്ത് സൂചന 1 പ്രകാരമുള്ള ഫോം 22 ആണ് സമർപ്പിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തി മാത്രമേ രജിസ്ട്രേഷൻ നൽകാവൂ എന്നും നിർദ്ദേശിച്ചിരുന്നു. സൂചന 3 പ്രകാരം ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ **Construction Equipment (CMVR 115(A))** വാഹനങ്ങൾ ഇപ്പോഴും ബി.എസ് 3 നിലവാരത്തിലുള്ളതായതിനാൽ സൂചന 1 പ്രകാരമുള്ള ഫോം 22 ആവശ്യമില്ലായെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്/-
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

22/6/18
സീനിയർ സൂപ്രണ്ട്.